**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3714** **14.03.2017 ൽ മറുപടിയ്ക്ക്**

# കോംപ്രിഹെൻസീവ് വിക്റ്റിം റിലീഫ് ഫണ്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.. മുല്ലക്കര രത്നാകരൻ<br>ശ്രീ. ആർ. രാമചന്ദ്രൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ. മുഹമ്മദ് മുഹസിൻ പി | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ബഹു. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി) |
| (എ) വിവിധ ലൈംഗിക കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കുമായി ഒരു 'കോംപ്രിഹെൻസീവ് വിക്റ്റിം റിലീഫ് ഫണ്ട്' സ്ഥാപിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത ഫണ്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും മറ്റ് വിശദാംശങ്ങളും നൽകുമോ : | (ബി) അതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകൾ കുട്ടികൾക്ക് ഉടൻ ആശ്വാസം നൽകുന്നതിന് ഒരു 'കോംപ്രിഹെൻസിവ് വിക്റ്റിം റിലീഫ് ഫണ്ട്' സ്ഥാപിക്കുന്നതിനായി 2017-18 ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ലൈംഗിക അതിക്രമങ്ങൾക്ക് പുറമെ, ആസിഡ് അറ്റാക്ക്, വീട്ടിനുള്ളിൽ നിന്നും നേരിടുന്ന അതിക്രൂരമായ പീഡനം എന്നിവ നേരിടുന്ന സ്ത്രീകൾ/കുട്ടികളുടെയും ശാരീരിക/മാനസിക ചികിത്സയ്ക്കും പുനരധിവാസ ത്തിനുമായാണ് ഈ സാമ്പത്തിക സഹായം നൽകാൻ ഉദ്ദേശിക്കുന്നത്. പോലീസിന്റെ കേസിന്റെയും ജില്ലാ ശിശു സംരക്ഷണ ഓഫീസർ/സ്ത്രീ സംരക്ഷണ ഓഫീസർ എന്നിവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിലായിരിക്കും തുക നൽകുന്നത്. ഈ ഫണ്ടിന്റെ വിനിയോഗത്തിന് വിശദമായ മാനദണ്ഡങ്ങൾ രൂപീകരിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |

(സി) പീഡനത്തിനിരയാകുന്ന ഇരകളെ തിരികെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിന് മറ്റെന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്?

(സി) ലൈംഗിക പീഡനത്തിന് വിധേയരായി നിർഭയ ഷെൽട്ടർ ഹോമുകളിൽ താമസിക്കുന്ന സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനായി, അവരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കാനും സ്വന്തം കാലിൽ നിൽക്കാനും സ്വയം പര്യാപ്തരാകാനും ഉതകുന്ന രീതിയിൽ പ്രാപ്തരാക്കാൻ ഒരു ആഫ്റ്റർ കെയർ ഹോം സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പല തരത്തിലുള്ള നൈപുണ്യ വർദ്ധനവിനായി പരിശീലനങ്ങളും ചെറുകിട തൊഴിൽ സംരംഭങ്ങളും താൽപര്യമുള്ള കമ്പനികളുമായി ചേർന്ന് ആരംഭിക്കാനും ഇതിലൂടെ നിർഭയ ഷെൽട്ടർ ഹോം താമസക്കാരെ ക്രമേണ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് തിരികെ കൊണ്ടു വരാനും ഉദ്ദേശിക്കുന്നു.

**സെക്ഷൻ ഓഫീസർ**